**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** **12-09-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ മടവീഴ്ച തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ച തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | മടവീഴ്ച തടയാൻ പുറം ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ കാവാലം കൃഷിഭവൻ പരിധിയിൽ വരുന്ന രാജരാമപുരം കായൽ പാടശേഖരം, കൈനകരി കൃഷിഭവൻ പരിധിയിലെ ഉമ്പുക്കാട്ടുശ്ശേരി, തകഴി കൃഷിഭവൻ പരിധിയിലെ തെക്കേ മുന്നൂറ്, തലവടി കൃഷിഭവൻ പരിധിയിലെ മകരച്ചാലിൽ എന്നിവിടങ്ങളിൽ പ്രവൃത്തി നടന്നു വരുന്നു. ദുർബലമായ പുറം ബണ്ടുകളുള്ളവയും, വർഷകാല കൃഷി നടത്തുന്നവയും കായലിൽ നിന്നുള്ള വേലിയേറ്റ ഇറക്കങ്ങൾ നേരിട്ട് ബാധിക്കുന്നവയുമായ പാടശേഖരങ്ങൾക്കായി പുറം ബണ്ട് നിർമ്മക്കുന്നതിലൂടെ ഒരു പരിധി വരെ മടവിഴ തടയുവാൻ സാധിക്കുന്നതാണ്. |
| (ബി) | മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കുന്നതിനായി മടകുത്തുന്നതിന് പാടശേഖര സമിതികൾ ചെലവാക്കുന്ന തുക തിരികെ നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | പാടശേഖര സമിതികൾ മട കുത്തിയതിന്റെ വാല്യുവേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തയ്യാറാക്കുകയും ആയത് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുകയും എസ്.ഡി.ആർ.എഫ് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പാടശേഖര സമിതികൾക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന തുക അനുവദിച്ച് നൽകുകയുമാണ് ചെയ്തു വരുന്നത്. |
| (സി) | പമ്പിംഗ് സബ്സിഡി, നെല്ല് ഉൽപ്പാദനത്തിന് പ്രോത്സാഹനമായ മറ്റു സഹായങ്ങൾ എന്നിവ യഥാസമയം നൽകുന്നതിനും നെൽകൃഷി സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ? | (സി) | പമ്പിംഗ് സബിഡി ഉത്പാദന ബോണസ്, നെൽകൃഷി വികസനത്തിനുള്ള പദ്ധതികൾ എന്നിവ ഓരോ കൃഷി സീസണിലെയും ആകെ കൃഷി ചെയ്ത വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യഥാക്രമം പുഞ്ച സ്പെഷ്യൽ ഓഫീസ്, കൃഷിഭവനുകൾ എന്നിവ മുഖേന കർഷകർക്ക് നൽകുന്നു. സുസ്ഥിര നെൽകൃഷി പദ്ധതി, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി, പ്രത്യേക നെൽകൃഷി ഇനങ്ങളുടെ കൃഷി വർദ്ധിപ്പിക്കൽ, തരിശുനില നെൽകൃഷി, ഗ്രൂപ്പ് ഫാമിംഗ് സമിതി മുഖേനയുള്ള പ്രവർത്തനങ്ങൾ, |

| | | | |
|---|---|---|---|
| | | | നെൽകൃഷി ഉല്പാദനബോണസ് തുടങ്ങിയ നെൽകൃഷി പ്രോത്സാഹനത്തിനുള്ള സഹായങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നെൽകൃഷി സംരക്ഷിക്കുന്നതിനും നെൽവയലുകൾ തരം മാറ്റുന്നത് നിരുത്സാഹപ്പെടുത്തുന്നത് തടയുന്നതിനുമായി ഹെക്ടറിന് 3000 രൂപ നിരക്കിൽ നെൽവയൽ ഉടമകൾക്ക് റോയൽറ്റിയും നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ